(1)	(2)	(3)	(4)
ആലപ്പുഴ	...	...	...
കോട്ടയം	880	560	1440
ഇടുക്കി	11014	14920	25934
എറണാകുളം	677	335	1012
തൃശ്ശൂർ	1006	1346	2352
പാലക്കാട്	999	1241	2240
മലപ്പുറം	259	129	388
കോഴിക്കോട്	628	184	812
വയനാട്	2576	4530	7106
കണ്ണൂർ	91	88	179
കാസർഗോഡ്	225	120	345
ആകെ	22354	26763	49117

(ബി) ഉണ്ട്. കൂലി വർദ്ധനവ് 5-2-2014-ലെ സ.ഉ. (കൈ) നമ്പർ 15/14/ തൊഴിൽ പ്രകാരം മിനിമം വേതന വിജ്ഞാപനമായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ വേതന കരാറിന്റെ കാലാവധി 31-12-2014-ന് അവസാനിച്ചതിനെത്തുടർന്ന് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്ന് 14-10-2015-ൽ വേതന വർദ്ധന സംബന്ധിച്ച് ധാരണയായിട്ടുണ്ട്. 2015 നവംബർ മുതൽ പ്രസ്തുത കൂലി തൊഴിലാളികൾക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അന്തിമ കരാർ ഒപ്പുവയ്ക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ അന്തിമ ഘട്ടത്തിലാണ്.

തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ

280(969) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളാണ് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly